**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4442** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ കനാലുകളിലെ എക്കൽ നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, ഇറിഗേഷൻ കനാലുകളിൽ അടിഞ്ഞു കൂടിയ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾക്കായി കെ.എൽ.ഡി.സി. തൃശ്ശൂർ ജില്ലയിൽ ആകെ ചെലവഴിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, തൃശ്ശൂർ ജില്ലയിൽ ഇറിഗേഷൻ കനാൽ ആഴംകൂട്ടൽ, വിപുലീകരണം എന്നിവയ്ക്കായി കെ.എൽ.ഡി.സി.-യ്ക്ക് 66.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 14.235 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം കനാലുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; ഇതിനായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ; | (ബി) | മണലൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന താഴെ പറയുന്ന കനാലുകളുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയാണ് ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. 1) കോട്ടച്ചാൽ 2) ഏനമാക്കൽ 3) കടാംതോട് (ഇടതു വലതു തോടുകൾ) 4) ചെമ്മീൻചാൽ (ഇടതു വലതു തോടുകൾ) 5) മുല്ലശ്ശേരി 1,2 റീച്ചുകൾ 6) പെരുമ്പുഴ തോട് (ശാസ്താം കടവ് പാലം മുതൽ ഏനമ്മാക്കൽ കനാൽ വരെ) മേൽ പ്രവർത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. മണലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്കായി 6.53 കോടി രൂപ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ഇനി പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ കോളിൽ പാടശേഖരങ്ങളെ അടിസ്ഥാനമാക്കി ഏകദേശം 102 കോടി രൂപയുടെ 32 പ്രവർത്തികളോളം നാളിതുവരെയായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നമ്പർ പ്രവൃത്തികൾ തൃശ്ശൂർ കോൾ ഏരിയ 1 പ്രധാന കനാലുകളുടെ ആഴം കൂട്ടൽ (മീ) 99,708 2 എഞ്ചിൻ ഷെഡ് (എണ്ണം) 59 3 എഞ്ചിൻ തറ (എണ്ണം) 20 4 കിട (എണ്ണം) 102 5 റാംപ് (എണ്ണം) 67 6 ഉൾച്ചാലുകളുടെ ആഴം കൂട്ടൽ (മീ) 1,30,290 7 ഫാം റോഡ് (മീ) 29,750 ആകെ തുക (ജി.എസ്.ടി. ഉൾപ്പെടെ) 95,78,79,600/- 8% സെന്റേജ് ചാർജ്ജ് 6,84,19,971/- ആകെ തുക |

| | | | |
|---|---|---|---|
| | | | 1,02,62,99,570/- ഇതിൽ 63 കിലോ മീറ്ററോളം ഭാഗീകമായി പ്രധാന കനാലിൽ എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തിയും 5 എഞ്ചിൻ ഷെഡ്, ഒരു എഞ്ചിൻ തറ എന്നിവയുടെ നിർമ്മാണ പ്രവർത്തനവും ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 14.235 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ തൃശ്ശൂർ കോളിലെ വിവിധ ഇടങ്ങളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിനുതകുന്ന തരത്തിൽ അവരുടെ ആവശ്യാനുസരണം ഉൾച്ചാലുകളുടെ ആഴം കൂട്ടൽ, റാംപ്, കിട, ഫാം റോഡ്, മറ്റ് അനുബന്ധ പ്രവർത്തികൾ ഉൾപ്പെടെ ഏകദേശം 65 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ